RNI.No.29451/1977
Registered - KL/TCR/274/2018-2020

ഓഗസ്റ്റ് 2018

Licence No. KL/CR/TCR/WPP-07/2018-20
Licensed to Post Without Prepayment
Date of Publication: 01.08.2018

കത്തോലിക്കാസഭ

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

The Monthly Newspaper in Malayalam from the Archdiocese of Trichur

Established: 1977 | www.catholicasabha.org | e-paper : www.catholicasabha.org/e_paper | e-mail: catholicasabha@gmail.com | fb.com/catholicasabha | പുസ്തകം 42 | ലക്കം 08 | പേജ് 20 | വില: ₹ 4.25 | * T

മാതാവിന്റെ സ്വർഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ!

കർദ്ദിനാൾ ജീൻ ലൂയി കാലം ചെയ്തു

വത്തിക്കാൻ സിറ്റി: കത്തോലിക്കാ സഭയുടെ മതാന്തര ആശയ വിനിമയത്തിനായുള്ള പൊന്തിഫിക്കൽ സമിതി അധ്യക്ഷനായ കർദ്ദിനാൾ ജീൻ ലൂയി ടുറാൻ കാലം ചെയ്തു. 75 വയസായിരുന്നു. മുസ്ലിം രാജ്യങ്ങളുമായുള്ള വത്തിക്കാന്റെ ദുർബല ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഒരു വ്യാഴവട്ടക്കാലം അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഏറ്റവും ഒടുവിൽ സൗദി അറേബ്യയുടെ ഭരണാധികാരിയുടെ ക്ഷണമനുസരിച്ച് നടത്തിയ സന്ദർശനവും ചർച്ചകളും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഉൾപേജുകളിൽ

കലാപവേദിയല്ല, കലാലയങ്ങൾ — പേജ് – 07

വാക്കും നോക്കും — പേജ് – 08

ജനാധിപത്യത്തിൽ നിന്ന് രാജഭരണത്തിലേക്കോ? എഡിറ്റോറിയൽ — പേജ്–10

മാർ ആൻഡ്രൂസ് താഴത്തിന്റെ സർക്കുലർ — പേജ് – 10

നേർക്കാഴ്ച — പേജ് – 11

കല്ലുകൾ കഥ പറയുന്ന കാലാപാനിയിലേക്ക് — പേജ് – 12

കരുണയുടെ കൂദാശ — പേജ് – 14

തീർഥാടന വഴികളിലൂടെ — പേജ് – 19

വിശേഷ ദിവസങ്ങൾ

01 – പതിനഞ്ച് നോമ്പാരംഭം
03– മാസാദ്യ വെള്ളി
04– വിശുദ്ധ ജോൺ മരിയ വിയാനി
06– നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
10– വിശുദ്ധ ശ്മോനിയും ഏഴ് മക്കളും
15– പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം/ സ്വാതന്ത്ര്യ ദിനം
17– വിശുദ്ധ ശിമോൻ ബർസാബയും സഹരക്തസാക്ഷികളും
21 – വിശുദ്ധ പത്താം പിയൂസ് മാർപാപ്പ
24– വിശുദ്ധ ബർത്തലോമിയോ ശ്ലീഹ
25– തിരുവോണം
26– ഏലിയാ ശ്ലീവാ മൂശാക്കാലം
29– വിശുദ്ധ ഏവുപ്രാസ്യയുടെ തിരുനാൾ

മനസ്സിലിരുപ്പ്

മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റി സമൂഹത്തെ തകർക്കാൻ ശ്രമം

സ്വന്തം ലേഖകൻ

കൊൽക്കൊത്ത: ലോകത്തിന്റെ തേജസ്വിനിയായി പാവപ്പെട്ടവരിൽ പാവപ്പെട്ടവരോടൊപ്പം ജീവിതം പങ്കുവെച്ച മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയെ തകർക്കാൻ ശ്രമം. ബിജെപി അധികാരത്തിലുള്ള സംസ്ഥാന സർക്കാരുകളും നരേന്ദ്ര മോദി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാരുമാണ് മിഷനറീസ് ഓഫ് ചാരിറ്റിയെ നിയമ നടപടികളുടെ നൂലാമാലകളിൽ കുടുക്കി സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കാനുള്ള നടപടികൾ തുടങ്ങിയിരിക്കുന്നത്.

ജാർഖണ്ഡിന്റെ തലസ്ഥാനമായ റാഞ്ചിയിലെ ഈസ്റ്റ് ജയിൽ റോഡിൽ സ്ഥിതിചെയ്യുന്ന 'നിർമൽ ഹൃദയ'യിൽ നിന്നാണ് പ്രശ്നങ്ങളുടെ തുടക്കം. ശിശുവിൽപന ആരോപിച്ച് ഇവിടെ നിന്നും രണ്ടു കന്യാസ്ത്രീകളേയും ഒരു സ്ത്രീയേയും പൊലീസ് കസ്റ്റഡിയിൽ വെച്ചു. രണ്ടുപേരെ വൈകിട്ടോടെ വിട്ടയച്ചെങ്കിലും സിസ്റ്റർ കോൺസെലിയ പിന്നെയും കസ്റ്റഡിയിൽ തുടർന്നു. 'നിർമൽ ഹൃദയ'യുടെ ചുമതലയുള്ള സിസ്റ്റർ ശിശുവിൽപന നടത്തിയെന്ന ആരോപണമാണ് കുറ്റപത്രത്തിലുള്ളത്. ഇതോടെ രാജ്യവ്യാപകമായി സർക്കാർ തലത്തിൽ സന്യാസസമൂഹത്തിനെതിരെ കുപ്രചാരണവും നടത്തുന്നു.

മദർ തെരേസയുടെ കാലം മുതൽ ശിശുവിൽപന നടത്തുകയാണ് മിഷനറീസ് ഓഫ് ചാരിറ്റിയുടെ പ്രധാന പ്രവർത്തനമെന്നാണ് പ്രചാരണം. രാജ്യത്തെ മിഷനറീസ് ഓഫ് ചാരിറ്റി സ്ഥാപനങ്ങൾ മുഴുവൻ പരിശോധിക്കാനായി കേന്ദ്ര ശിശു–വനിതാ ക്ഷേമ വകുപ്പുമന്ത്രി മനേകഗാന്ധി ഉത്തരവിട്ടത് ഏറെ വേദനിപ്പിക്കുന്നതായി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ എം. പ്രേമ പറഞ്ഞു.

അനാഥശിശുക്കളെ പാർപ്പിച്ചിരുന്ന ഹിനോയിലെ ശിശുഭവൻ പൊലീസും ചൈൽഡ് വെൽഫെയർ കമ്മിറ്റിയംഗങ്ങളും റെയ്ഡ് ചെയ്തു. ഒരു മാസം പ്രായമുള്ള കുഞ്ഞിനെ അടക്കം അവർ കൊണ്ടുപോയി. രാജ്യത്തെ മറ്റ് സ്ഥാപനങ്ങളിലും ഇതിനകം പരിശോധനകൾ നടത്തി.

വിശുദ്ധ മദർ തെരേസയുടെ കാലടിപ്പാടുകൾ പിൻതുടർന്നു പ്രവർത്തിക്കുന്ന സന്യാസസമൂഹമായ മിഷനറീസ് ഓഫ് ചാരിറ്റിക്ക് 139 രാജ്യങ്ങളിൽ പ്രവർത്തന മേഖലയുണ്ട്. 760 സ്ഥാപനങ്ങളിലായി 5167 കന്യാസ്ത്രീകൾ സേവനം ചെയ്യുന്നു. ഇന്ത്യയിൽ ജാർഖണ്ഡ് അടക്കമുള്ള സംസ്ഥാനങ്ങളിൽ 244 അഭയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ, മാനസിക നിലതെറ്റിയവർ, വൈകല്യമുള്ളവർ, അനാഥർ, ഉപേക്ഷിക്കപ്പെട്ട ഗർഭിണികൾ, കുഞ്ഞുങ്ങൾ, ദാരിദ്ര്യത്താൽ തെരുവിലേക്കിറങ്ങേണ്ടി വന്ന സ്ത്രീകളും കുട്ടികളും തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരെ പരിപാലിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ഇടങ്ങളാണ്. എന്തു പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നാലും മിഷനറീസ് ഓഫ് ചാരിറ്റിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമെന്ന് സിസ്റ്റർ പ്രേമ തറപ്പിച്ചു പറയുന്നു.

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സമൂഹം ശിശുവിൽപന നടത്തുന്നുവെന്ന ആരോപണത്തിൽ കഴമ്പില്ലെന്നതിന് സ്ഥാപനത്തിന്റെ പ്രവർത്തന ചരിത്രം തെളിവാണ്. കുഞ്ഞൊന്നിന് 40,000 ഇന്ത്യയിലും വിദേശരാജ്യങ്ങളിലേക്കാണെങ്കിൽ 3.35 ലക്ഷം രൂപയും ഈടാക്കാമെന്ന് ഇന്ത്യൻ നിയമം അനുശാസിക്കുന്നുണ്ടെങ്കിലും സേവനം സൗജന്യമായി ചെയ്യുന്ന ഏക സ്ഥാപനമാണ് മിഷനറീസ് ഓഫ് ചാരിറ്റി. സ്ഥാപനത്തിന്റെ മുംബൈ കേന്ദ്രം

പേജ് – 13

ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ് മാർ ടോണി നീലങ്കാവിൽ എന്നിവർ ദുരിതാശ്വാസ ക്യാമ്പിൽ സന്ദർശനം നടത്തിയപ്പോൾ.

മഴക്കെടുതിയിൽ കൈത്താങ്ങായി അതിരൂപത

തൃശൂർ: കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വന സ്പർശവുമായി തൃശൂർ അതിരൂപത. ജില്ലയിലെ മഴക്കെടുതി അനുഭവിക്കുന്ന ചിറക്കൽ, കാഞ്ഞാണി, മണലൂർ ഈസ്റ്റ്, അരിമ്പൂർ, വാടാനപ്പിള്ളി എന്നിവിടങ്ങളിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ് മാർ ടോണി നീലങ്കാവിൽ എന്നിവർ സന്ദർശനം നടത്തി. അതിരൂപതയിലെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 'സാന്ത്വനത്തിന്റെയും കത്തോലിക്കാ കോൺഗ്രസിന്റെയും നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് നിത്യോപയോഗ വസ്തുക്കൾ വിതരണം ചെയ്തു.

ജാതിമതഭേദമെന്യെ ദുരിതമനുഭവിക്കുന്നവർക്ക് ദ്രുതഗതിയിലുള്ള സഹായങ്ങളെത്തിക്കുവാൻ ഏവരും ആത്മാർഥമായി സഹകരിക്കണമെന്ന് അതിരൂപതയിലെ മുഴുവൻ വിശ്വാസിസമൂഹത്തോടും മാർ താഴത്ത് ആഹ്വാനം ചെയ്തു. ഇടവകകളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ സന്നദ്ധപ്രവർത്തനങ്ങളും അടിയന്തിര സഹായവും ലഭ്യമാക്കണമെന്നും മാർ താഴത്ത് ആവശ്യപ്പെട്ടു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പുപ്പാടി, ഫാ. വർഗീസ് കൂത്തൂർ, ഫാ. ആന്റണി ആലുക്ക, ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, ട്രസ്റ്റിമാരായ വിൻസെന്റ് പുതുക്കാട്ടുകാരൻ, ജോസ് ഇഞ്ചോടിക്കാരൻ എന്നിവർ നേതൃത്വം നൽകി.

കൊടുങ്കാറ്റിലും അടിപതറാതെ വിശ്വാസി സമൂഹം

സ്വന്തം ലേഖകൻ

തൃശൂർ: കുറച്ചു മാസങ്ങളായി കേരളക്കര മുഴുവൻ കാലവർഷക്കെടുതികളിൽ വലയുകയാണ്. മഴയുടെ ശക്തി അൽപം കുറഞ്ഞതും രക്ഷാപ്രവർത്തനങ്ങളിൽ സഹകരിക്കുന്നവർ വർധിച്ചതും ആശ്വാസം പകരുന്നു.

കേരള കത്തോലിക്കാസഭയുടെ അവസ്ഥയും ഇതു തന്നെ. സഭയെ ശിഥിലമാക്കാനാഞ്ഞടിച്ച കൊടുങ്കാറ്റിന്റെ ആദ്യ ഘട്ടം അലയടികൾ ഒടുങ്ങുമ്പോഴും ശക്തമായ തുടർക്കാറ്റുകൾ പ്രതീക്ഷിച്ചിരിക്കുകയാണ് വിശ്വാസികൾ. എന്താണ് കടന്നുപോയത്? സഭയെ നശിപ്പിക്കണമെന്ന് ആഗ്രഹിച്ചിരുന്നവരുടെ ഏകീകരണമായിരുന്നു കഴിഞ്ഞ നാളുകൾ ദർശിച്ചത്. മതവർഗീയ വാദികളും രാഷ്ട്രീയ സാമ്പത്തിക മുതലെടുപ്പുകാരും മത–ദൈവ വിദ്വേഷികളും വിമതരും സ്വാർഥതൽപരകക്ഷികളും അറിവില്ലായ്മയുടെയും അബദ്ധധാരണകളുടെയും പേരിൽ ഉപകരണങ്ങളാക്കപ്പെട്ടവരും ഒന്നിച്ച് കൈകോർത്തപ്പോൾ കാറ്റിന് ശക്തികൂടി.

രാഷ്ട്രീയക്കാർക്കിത് നിർണായക സമയമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന് അധിക സമയമില്ല. നിഷ്പക്ഷ വോട്ടുകളുടെ എണ്ണം കൂടണമെങ്കിൽ ക്രൈസ്തവരെ ചിതറിച്ചേ പറ്റൂ എന്നാണനുമാനം. അതോടൊപ്പം ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ആക്രമണങ്ങളിലൂടെ ഭൂരിപക്ഷവോട്ടുകളുടെ ഏകീകരണവും ലക്ഷ്യമിടുന്നവരുണ്ടത്രെ. ന്യൂനപക്ഷങ്ങളെ ആക്രമിച്ചാലും ന്യൂനപക്ഷങ്ങൾ പ്രതിഷേധിച്ചാലും പ്രതികരിച്ചാലും ലാഭം കൊയ്യാൻ കാത്തിരിക്കുന്നവരാണിവർ.

മതവർഗീയ വാദികളുടെയും മത– ദൈവ വിദ്വേഷികളുടെയും ആവശ്യങ്ങൾ പലതാണ്. ഒരു കൂട്ടർക്ക് ഏകമതസ്ഥാപനമാണ് ലക്ഷ്യമെങ്കിൽ മറുകൂട്ടർക്ക് മതചിന്ത തന്നെ ഇല്ലാതാകണം. സൈദ്ധാന്തികത്തോടൊപ്പം സാമ്പത്തികവും രാഷ്ട്രീയവും സ്വാർഥപരവുമായ ലക്ഷ്യങ്ങൾ കൂട്ടിക്കുഴക്കുന്നവരുമുണ്ടിതിൽ. ചരിത്രാതീത കാലം മുതലേ മതസഹിഷ്ണുതയ്ക്കും നാനാത്വത്തിൽ ഏകത്വത്തിനും കേൾവികേട്ട ആർഷഭാരത സംസ്കാരത്തിന്റെ വേരിൽ കോടാലി വയ്ക്കുന്നവർ. ദൈവത്തെ കളത്തിനു പുറത്താക്കുക, ദൈവ– മത ചിന്തകൾ മനുഷ്യരിൽ നിന്നകറ്റുക. പിന്നെയവൻ സ്വതന്ത്രനാണ്. ധാർമികതയ്ക്കടിസ്ഥാനമില്ല. അവനെ ആർക്കും എങ്ങോട്ടും വലിച്ചിഴയ്ക്കാം, ദുരുപയോഗിക്കാം...

ഇതിനിടയിൽ വ്യക്തിപരമായ താൽപര്യങ്ങളും അസ്വസ്ഥതകളും ലക്ഷ്യങ്ങളും ഉള്ളവർ വേടന്മാരും ഇരകളും ശകുനികളുമൊക്കെ ആകുന്ന ചിത്രങ്ങളും നാം കണ്ടു. സ്വന്തം കാര്യങ്ങൾ സമൂഹത്തിന്റേതെന്ന് തെറ്റിദ്ധരിച്ചവരും സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി തെറ്റിദ്ധരിപ്പിച്ചവരും ഇതിലുണ്ട്. കലക്കവെള്ളത്തിൽ അറിവില്ലാതെ വന്നുപെട്ട് ഉപകരണങ്ങളായവരുണ്ട്. പക്ഷേ എല്ലാവരുടെയും ആവനാഴി മാധ്യമങ്ങളായിരുന്നുവെന്നതാണ് ദുഃഖം. ചൂണ്ടു പലകകൾ തെറ്റിനെയാണോ ചൂണ്ടിക്കാണിച്ചത്? അവർ തന്നെ നീതിപാലകരും ന്യായാധിപന്മാരുമാകാമോ? ഭൂമിക്കച്ചവടത്തിന്റെ പേരിൽ മാർ ജോർജ് ആലഞ്ചേരിയെ മാസങ്ങളോളം തേജോവധം ചെയ്തവർ സുപ്രീം കോടതി വിധി കേട്ടില്ലെന്നുണ്ടോ?

അതിന്റെ സത്യാവസ്ഥ ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കാനുള്ള ഉത്തരവാദിത്തമില്ലേ? വർഷങ്ങളോളം കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്ന അഭയകേസിലെ ഫാ. ജോസ് പുതൃക്കയിലിനെ കോടതി നിരപരാധിയാക്കിയതും ജനങ്ങളെ അറിയിക്കണ്ടെ? മാധ്യമവേട്ടയുടെ ഇരകളായ ഇവരുടെ മൗലിക അവകാശങ്ങൾ ആരു സംരക്ഷിക്കും?

പണ്ട് മറിയക്കുട്ടി വധക്കേസിൽ മാധ്യമവിചാരണയുടെ പിൻബലത്തിൽ ജീവപര്യന്തം അനുഭവിച്ച ആദരണീയനായ ഫാ. ബെനഡിക്റ്റ് ഓണംകുളത്തെ അത്രവേഗം മലയാളികൾക്ക് മറക്കാനാവില്ല. ജീവിതാന്ത്യത്തിൽ കുറ്റം ചെയ്തവർ സ്വയം ഏറ്റുപറഞ്ഞപ്പോൾ ഉൾപേജിലെ 4 സെ.മീ കോളത്തിൽ തീർന്നിരുന്നു ആ വാർത്ത. കുമ്പസാര രഹസ്യത്തിന്റെ പേരിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന ആ മഹത്വ്യക്തിത്വത്തെ ഓർക്കണം കേരളക്കര. നാല് ഓർത്തഡോക്സ് വൈദികരുടെ പേരിൽ വന്ന ലൈംഗിക ആരോപണത്തെ

പേജ് – 11

ദേശീയ വനിതാ കമ്മിഷൻ അധ്യക്ഷ രാജിവയ്ക്കണം

അതിരൂപത ശക്തമായ പ്രതിഷേധത്തിലേക്ക്: പ്രതിനിധി സമ്മേളനം ഓഗസ്റ്റ് 5 ന്

തൃശൂർ: ക്രൈസ്തവ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമായ അനുരഞ്ജനശുശ്രൂഷ (കുമ്പസാരം) യെ നിരോധിക്കണമെന്നാവശ്യപ്പെട്ട ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖ ശർമ നിരുപാധികം മാപ്പു പറഞ്ഞ് രാജി വയ്ക്കണമെന്ന ആവശ്യം ശക്തമായി. കഴിഞ്ഞ രണ്ടു സഹസ്രാബ്ദത്തിലേറെയായി ആഗോള ക്രൈസ്ത സമൂഹം പരിപാവനമായി കാണുന്ന കുമ്പസാരമെന്ന കൂദാശയുടെ വിശുദ്ധിയും മഹത്വവും കണക്കിലെടുക്കാതെ കമ്മിഷൻ നടത്തിയ നീക്കത്തിനെതിരെ സഭാമേലധ്യക്ഷന്മാരും സന്യസ്തരും വിവിധ ക്രൈസ്തവ സംഘടനകളും അൽമായരും ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തി. ഭരണഘടനാധിഷ്ഠിതമായ ഒരു സ്ഥാപനത്തിന്റെ അധ്യക്ഷസ്ഥാനത്തിരിക്കുന്ന വ്യക്തി രാജ്യത്തെ വിശ്വാസിസമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രസ്താവനകളും റിപ്പോർട്ടുകളും നൽകുമ്പോൾ പാലിക്കേണ്ട മിനിമം അറിവും മാന്യതയും മനഃപൂർവം മറന്നതാണോ എന്നും, ഇങ്ങനെയൊരാൾക്ക് ഇനിയും ആ സ്ഥാനത്ത് തുടരുവാൻ അർഹതയുണ്ടോയെന്നും വ്യക്തമാക്കേണ്ടതുണ്ട്.

സമ്മേളനം 2018 ഓഗസ്റ്റ് 5 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് സെന്റ് തോമസ് കോളജ് മോൺ. പാലോക്കാരൻ സ്കയറിൽ നടത്തുന്നു. എല്ലാ ഇടവകകളിലെയും സംഘടന, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, പ്രതിനിധി യോഗാംഗങ്ങൾ, വൈദികർ, സന്യസ്തർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മതധ്യാപകർ എന്നിവരാണ് യോഗത്തിൽ പങ്കെടുക്കുക. അതിരൂപത മെത്രാപ്പൊലീത്ത അധ്യക്ഷനാകുന്ന സമ്മേളനത്തിൽ ജസ്റ്റിസ് സിറിയക് ജോസഫ് മുഖ്യ പ്രഭാഷണം നടത്തും.

സ്വജീവൻപോലും ബലിയർപ്പിച്ച് കുമ്പസാരമെന്ന കൂദാശയുടെ പവിത്രത കാത്തുസൂക്ഷിച്ച വൈദികരുടെ ശ്രേഷ്ഠ പാരമ്പര്യമാണ് ക്രൈസ്തവസഭയ്ക്കുള്ളതെന്നും കേവലം ഒറ്റപ്പെട്ട ആരോപണത്തിന്റെ പേരിൽ ക്രിസ്തീയ കൂദാശകളെ അവഹേളിക്കുന്നതും ക്രൈസ്തവ സ്ഥാപനങ്ങളെ ആക്രമിക്കുന്നതും ഒരിക്കലും ന്യായീകരിക്കാവുന്നതല്ലെന്നും തൃശൂർ അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

കുമ്പസാരം നിരോധിക്കണമെന്നാവശ്യപ്പെട്ട് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയുടെ ശുപാർശ നിക്ഷിപ്ത താൽപര്യങ്ങളോടെ സമൂഹത്തിൽ മതസ്പർദ്ധ വളർത്തി സംഘർഷങ്ങൾ സൃഷ്ടിക്കുന്നതിനുള്ള

പേജ് – 10